# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 21-08-2014

## അധ്യാപകരുടെ പുനർവിന്യാസം:
# സർക്കാർ പ്രായോഗിക നിലപാട് സ്വീകരിക്കുക

**കെ എസ് ടി എ**

അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് തസ്തിക സൃഷ്ടിച്ച് കുട്ടികളുടെ കുറവുമൂലം പുറത്തുപോകുന്ന അധ്യാപകരെ സംരക്ഷിക്കുന്നതിനുപകരം കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം എന്നീ വിഷയങ്ങളുടെ പാർടൈം ഇൻസ്ട്രക്ടർമാരായി പുനർ വിന്യസിക്കാനുള്ള സർക്കാർ തീരുമാനം പ്രതിഷേധാർഹവും നീതീകരിക്കാനാവാത്തതുമാണെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു.

സർക്കാരിന്റെ തീരുമാനത്തിൽ ഒട്ടേറെ അവ്യക്തതകൾ നിലനിൽക്കുന്നു. സർക്കാർ സ്കൂളുകളിൽ മാത്രമാണ് ആദ്യഘട്ടത്തിൽ പാർടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ നിന്നും പുറത്താക്കപ്പെടുന്നവരും സർക്കാർ സ്കൂളുകളിൽ നിയമിക്കപ്പെടും. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് ഇപ്പോൾ ലഭിക്കുന്ന മുഴുവൻ ശമ്പളവും ലഭിക്കുമെന്ന കാര്യംവ്യക്തമാക്കിയിട്ടില്ല. വിവിധ വിഷയങ്ങളിൽ BEd/TTC യോഗ്യതയുള്ള ഹൈസ്കൂൾ പ്രൈമറി അധ്യാപകരെ ഹ്രസ്വകാല ട്രെയിനിംഗ് നൽകി സ്പെഷ്യലിസ്റ്റ് അധ്യാപകരാക്കാനുള്ള തീരുമാനത്തിലെ പ്രായോഗിക പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തിലെടുത്തിട്ടില്ല. വളരെ സൂക്ഷമമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്തില്ലെങ്കിൽ *'ആട്ടുന്നവനെ പിടിച്ച് നെയ്യാനാക്കിയ അവസ്ഥയാകും'* ഉാകുക. അധ്യാപകരുടെ പുനർവിന്യസത്തെക്കുറിച്ച് കുറേക്കൂടി പ്രായോഗിക നിലപാടുകൾ സ്വീകരിക്കണമെന്നും അധ്യാപക സംഘടനകളോട് ചർച്ചചെയ്യാൻ സർക്കാർ തയ്യാറാവണമെന്നും കെ എസ് ടി എ ജനറൽ സെക്രട്ടറി ഏ കെ ഉണ്ണികൃഷ്ണൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി